
Your favouritenewspaperat your fingertips
morning news daily
SUBSCRIBE,
9656571354



# ഇണയോ അതോ തുണയോ?

www.morningnewsdaily.org



ഡോ. സൂസൻ കോരുത്
PhD,MSc,MSW,MBA
http://www.drsusankoruthu.com

## വിവാഹത്തിലെ ന്യൂ നോർമൽ ഭാഗം 2

33

**ഇണയിൽ പ്രണയം മാത്രമേയുള്ളൂ. എന്നാൽ തുണയിൽ ഒരു ജീവിതപങ്കാളിയുടെ എല്ലാ ഗുണങ്ങളും വേണം.**

കഴിഞ്ഞ ലക്കം മുതൽ വിവാഹത്തിലെ പുതിയരീതികളെകുറിച്ചാണ് നാം ഇവിടെ വിശകലനം ചെയ്യുന്നത്. എല്ലാ കാലത്തും വിവാഹരീതികൾ മാറിക്കൊണ്ടിരിക്കും. ഇന്നത്തെ സാഹചര്യങ്ങളിൽ ആചാരപ്രകാരമുള്ള വിവാഹം നടത്താതെ നിയമപരമായി മാത്രം വിവാഹം കഴിക്കുവാൻ സാധിക്കും. ഇവ രണ്ടുമല്ലാതെ പരസ്പരമുള്ള ധാരണയുടെ പുറത്തു ദമ്പതികളെന്ന അവകാശങ്ങൾക്കു നിയമസാധുതയില്ലെങ്കിലും ഒന്നിച്ചു ജീവിക്കാമെന്ന കരാറിൽ വിവാഹജീവിതം നയിക്കുന്നവരുമുണ്ട്. ഇവയെല്ലാം നിയമപരമായി അനുവദിച്ചിട്ടുള്ള ബന്ധങ്ങളുമാണ്. ഇന്നത്തെ യുവത്വം മാതാപിതാക്കളുടെ തീരുമാനങ്ങൾക്കും ഇഷ്ടാനിഷ്ടങ്ങൾക്കുമപ്പുറം തങ്ങളുടെ തീരുമാനങ്ങളും ഇഷ്ടങ്ങളും നോക്കി ഇണയെ തിരഞ്ഞെടുക്കുന്നവരാണ്. അതുകൊണ്ടു തന്നെ ഇന്നത്തെ കാലത്തെ വിവാഹത്തിലെ ന്യൂ നോർമൽ



എന്താണെന്ന് വിശകലനം ചെയ്യേണ്ടത് അഭികാമ്യമായ കാര്യമാണ്. കഴിഞ്ഞ ലക്കത്തിൽ നാം വിശദമാക്കിയത് ഒന്നാമത്തെ പുതിയ ശരിയായ 'പഠിച്ച് ഒരു ജോലിയാകാതെ വിവാഹം വേണ്ട എന്ന് പെൺകുട്ടികളും. ഫിനാൻഷ്യലി സെറ്റിൽ ആയിട്ട് മതി വിവാഹം എന്ന് അൺകുട്ടികളും പറയുന്നതാണ്'. ഇനി രണ്ടാമത്തെ പുതിയ ശരിയെ നമുക്കൊന്നു വിശകലനം ചെയ്തു നോക്കാം:

2) മാതാപിതാക്കളാൽ ക്രമീകരിക്കപ്പെട്ട തുണയേയല്ല പിന്നെയോ തങ്ങൾ തിരഞ്ഞെടുക്കുന്ന ഇണയെയാണ് വിവാഹം കഴിക്കാൻ ഇന്നത്തെ യുവത്വം ആഗ്രഹിക്കുന്നത്.

എന്റെ അനുഭവത്തിൽ പ്രണയിച്ചു വിവാഹിതരായവരും അല്ലാതെ വിവാഹം കഴിച്ചവരും തമ്മിലുള്ള ബന്ധത്തിൽ അതിന്റേതായ ഗുണങ്ങളും ദോഷങ്ങളുമുണ്ട്. പ്രണയിച്ചു വിവാഹം കഴിച്ചതുകൊണ്ടു മാത്രം ആ ജീവിതം മനോഹരമായി പോകണം എന്നില്ല. അതുപോലെ മറിച്ചും. പ്രണയത്തിൽ പലപ്പോഴും ഒരു ഇണയെ ആണ് നിങ്ങൾ കണ്ടുപിടിക്കുക ഒരു തുണയെ ആയിരിക്കില്ല. പ്രണയവിവാഹങ്ങൾ പ്രശ്നങ്ങളിലേക്കു നീങ്ങുന്നതിന്റെ പ്രധാന കാരണങ്ങളിൽ ഒന്ന് അതാണ്.

തങ്ങളുടെ ജീവിതം എങ്ങിനെ ജീവിക്കണം എന്നറിയയാത്തവരാണ് ഇന്നത്തെ യുവത്വത്തിലേറെയും അവരാണ് തങ്ങളുടെ ജീവിതത്തിലേക്ക് മറ്റൊരു വ്യക്തിയെ സ്വീകരിക്കുന്നത്. പ്രണയിതാക്കളോടും, പ്രണയിച്ചു വിവാഹം കഴിച്ചവരോടും എന്താണ് നിങ്ങൾ പങ്കാളിയിൽ കണ്ട ആകർഷകമായ കാര്യങ്ങൾ എന്ന് ചോദിച്ചാൽ കിട്ടുന്ന ഉത്തരങ്ങളാണ്:

1 ) ഞങ്ങൾ പരസ്പരം ആദ്യം കണ്ടപ്പോൾ തന്നെ ഇഷ്ടമായി

2) ആദ്യമേ എനിക്കൊട്ടും ഇഷ്ടമല്ലായിരുന്നു പിന്നീട് ഞങ്ങൾ ഒന്നിച്ചായിരുന്നു പഠിച്ചിരുന്നത് അല്ലെങ്കിൽ ജോലി ചെയ്തിരുന്നത്. അങ്ങിനെ ഉണ്ടായ ഇഷ്ടമായിരുന്നു.

3) അവരുടെ വ്യക്തിത്വമാവാം, പെരുമാറ്റമാവാം, സ്നേഹപ്രകടനങ്ങളാവാം അവരിലേക്കെന്നെ അടുപ്പിച്ചത്..

4) എൻന്റെ പുറകെ നടന്ന് അല്ലെങ്കിൽ ഞാൻ പുറകെ നടന്നു പ്രണയത്തിലേക്കു കഷ്ടപ്പെട്ട് വീഴ്ത്തിയെടുത്തതാണ്.

5) എന്തോ അതങ്ങനെ സംഭവിച്ചു പോയി

6) ഞങ്ങൾ ചെറുപ്പം മുതലേ അറിയാവുന്നവരാണ്. അങ്ങിനെയാണ് അടുത്തത്.

7) എന്റെ കൂട്ടുകാരിയുടെ സഹോദരനാണ് അല്ലെങ്കിൽ സഹോദരിയാണ് അങ്ങിനെ ഇഷ്ടമായി. ഇപ്രകാരമുള്ള കാരണങ്ങൾ മിക്കവയും വീട്ടുകാർ ഏർപ്പാടാക്കുന്ന വിവാഹത്തിലും ഉണ്ടാകാറുള്ളവ തന്നെയാണ്. പിന്നെന്താണ് പ്രണയവിവാഹത്തെ യുവത്വം ഇഷ്ടപ്പെടാൻ കാരണം എന്ന് ചിന്തിച്ചാൽ മനസ്സിലാകുന്ന കാര്യം വീട്ടുകാർ ഏർപ്പാടാക്കുന്ന വിവാഹത്തെ ഒരു ബലാത്കാരമായി അടിച്ചേൽപ്പിക്കുന്ന ഒന്നായി പലരും കാണുന്നു. സ്വയം തിരഞ്ഞെടുക്കുന്നതിനെ മറിച്ചും. ഞാനല്ലേ ജീവിക്കേണ്ടത് അപ്പനും അമ്മയും അല്ലല്ലോ അപ്പോൾ എനിക്കല്ലേ തെരഞ്ഞെടുക്കാൻ അവകാശം എന്ന് ചോദിക്കുന്ന മക്കളുടെ ചോദ്യം ന്യായമായതു തന്നെയാണ്. പക്ഷെ മാതാപിതാക്കൾ അതിനു കൊടുക്കുന്ന മറുപടി, നീയെന്നുമുതലാണ് സ്വയം തീരുമാനിക്കാറായത്, നിനക്കെന്തു ജീവിതാനുഭവമാണ് ഉള്ളത്, ഞങ്ങൾ നിനക്കു ദോഷമായിട്ടെന്തെങ്കിലും ചെയ്യുമോ, വീട്ടുകാരെന്തു പറയും, നാട്ടുകാരെന്തു പറയും, നീ വിചാരിക്കുന്ന ആരെയെങ്കിലും കെട്ടിക്കൊണ്ടു വരാൻ പറ്റില്ല എന്നൊക്കെയായിരിക്കും. അങ്ങിനെയുള്ള മറുപടികൾ വാശി കൂട്ടുകയല്ലാതെ അവരുടെ ചോദ്യത്തിന് നൽകുന്ന ശരിയായ ഉത്തരമല്ല.

ഇന്നത്തെ ഒട്ടുമിക്ക മാതാപിതാക്കളും മക്കളുടെ ഇഷ്ടങ്ങൾക്കു ഊന്നൽ കൊടുത്തുകൊണ്ട് തന്നെയാണ് വിവാഹാലോചനകൾ നടത്തുന്നത്. സ്വയം തീരുമാനിക്കുന്ന വിവാഹത്തിലെ പ്രശ്നങ്ങൾ പലപ്പോഴും സ്വയം പഴിച്ചും, സഹിച്ചുമൊക്കെ മുമ്പോട്ടു കൊണ്ടുപോകുന്നവരാണ് പലരും. എന്തുകൊണ്ട് വീട്ടുകാരോട് പറയുന്നില്ല എന്ന് ചോദിക്കുമ്പോൾ അവർ പറയാറുള്ളത്, എന്നോട് അവർ ഈ വിവാഹം വേണ്ട നിനക്കതു ചേരില്ല, ബുദ്ധി മുട്ടാവും എന്നവർ പറഞ്ഞപ്പോൾ വാശിക്ക് ഞാൻ തന്നെയാണ് ഈ വിവാഹം നടത്തിയത് എന്നാണ്. എന്ത് വന്നാലും ഞങ്ങൾ സഹിച്ചു, എനിക്കുറപ്പാണ് ഞങ്ങളുടെ ജീവിതം സുഖകരമായി തന്നെ പോകും എന്നൊക്കെ വാദിച്ചു വീട്ടുകാരുടെ ന്യായമായ ഉത്കണ്ഠകളെപ്പോലും അവഗണിച്ചു വിവാഹിതരായവർ ഒന്നോ രണ്ടോ വർഷം കഴിയുമ്പോഴേക്കും തങ്ങളുടെ മാതാപിതാക്കളുടെ വാക്കുകളെ മുഖവിലക്കെങ്കിലും എടുക്കാമായിരുന്നു എന്ന് ചിന്തിക്കുന്നത് കാണാറുണ്ട്.

www.morningnewsdaily.org

വിവാഹബന്ധത്തിന്റെ കെട്ടുറപ്പിന് വിവാഹം എങ്ങിനെ നടന്നു എന്നത് ഒരു മാനദണ്ഡമല്ല. പ്രണയിച്ചോ അല്ലാതെയോ വിവാഹം കഴിക്കാം, പക്ഷെ ബന്ധത്തിന്റെ കെട്ടുറപ്പിന് നിങ്ങൾ മാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ട് ജീവിക്കാനറിയുന്ന ഒരു വ്യക്തിയാകണം. തീരുമാനങ്ങളെടുക്കാനും കുടുംബത്തെ നയിക്കാനും കഴിയുന്ന വ്യക്തിയായിരിക്കണം, വ്യക്തിബന്ധങ്ങളിലെ വ്യത്യസ്തതകളെ അംഗീകരിക്കുന്നവരായിരിക്കണം, അതുപോലെ പരസ്പര ഇടപെടലുകളിൽ ശരിയായ അകലങ്ങൾ പാലിക്കാൻ കഴിവുള്ളവരുമായിരിക്കണം.

പ്രണയത്തിൽ നിങ്ങൾ പലപ്പോഴും ഒരു ഇണയെ ആണ് തേടുന്നത് അതുകൊണ്ടുതന്നെ പ്രണയം മനോഹരമായി തോന്നും എന്നാൽ അത് വിവാഹത്തിലേക്കു മാറുമ്പോൾ നിങ്ങൾക്ക് ഒരു തുണയെ ആണ് ആവശ്യം. ഇണയെ തിരഞ്ഞെടുക്കാൻ പ്രയാസമില്ല. നിങ്ങളിഷ്ടപ്പെടുന്നവരെ ഇണയാക്കാം. എന്നാൽ ഒരു തുണയെ തിരഞ്ഞെടുക്കുമ്പോൾ വളരെയേറെ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. കാരണം ഇണയിൽ പ്രണയം മാത്രമേയുള്ളൂ. എന്നാൽ തുണയിൽ ഒരു ജീവിതപങ്കാളിയുടെ എല്ലാ ഗുണങ്ങളും വേണം. ഇന്നത്തെ പല പ്രണയവിവാഹങ്ങളുടെയും പരാജയം തുണയുടെ യോഗ്യതയുടെ അഭാവമാണ്. www.morningnewsdaily.org

നിങ്ങളുടെ ജീവിതത്തിൽ പലപ്പോഴും സ്വഭാവവൈകല്യമുള്ള പങ്കാളികളെ ലഭിക്കാൻ സാധ്യതയുണ്ട് അത് പ്രണയവിവാഹം ആയാലും അല്ലെങ്കിലും. കാരണം ഒരു വ്യക്തിവൈകല്യമുള്ളയാൾ തന്റെ പോരായ്മകളെ ഗുപ്തമായി വയ്ക്കാൻ അസാധാരണമായ കഴിവുള്ളയാളായിരിക്കും. അതുകൊണ്ടു തന്നെ അവരുടെ ഗുപ്തമായ വൈകല്യങ്ങൾ വിവാഹശേഷം മാത്രമേ നിങ്ങളറിയാൻ സാധ്യതയുള്ളു. പ്രണയിക്കുന്ന കാലമത്രയും നിങ്ങളിൽ നിന്നതു മറച്ചു പിടിക്കാനും, അവരാണ് ഏറ്റവും ഉത്തമരായ പങ്കാളിയെന്നു നിങ്ങളെ വിശ്വസിപ്പിക്കാനും നിങ്ങളെ വിവാഹത്തിലേക്കു ആകർഷിക്കാനും ഇങ്ങനെയുള്ളവർക്കു കഴിയും. അതുകൊണ്ടുതന്നെ പ്രണയവിവാഹം ആയതുകൊണ്ട് മാത്രം ജീവിതം സന്തുഷ്ടമാകണമെന്നില്ല. ഇനി നിങ്ങൾ ഇണയായി കണ്ടയാൾ നിങ്ങൾക്ക് നല്ലൊരു പ്രണയ ജീവിതം തരുമെന്ന് ചിന്തിക്കുന്നതും ബാലിശമാണ്. പലപ്പോഴും വിവാഹേതരബന്ധങ്ങൾ പോലും പ്രണയിച്ചു വിവാഹിതരായവരുടെ ഇടയിൽ പ്രശ്നങ്ങളായി വരാറുണ്ട്. അതുപോലെ തന്നെ പ്രണയിച്ചു വിവാഹിതരായാൽ ലൈംഗീക ജീവിതം ആസ്വാദ്യകരമാവും എന്ന് ചിന്തിക്കുന്നതും ബാലിശമാണ് കാരണം വിവാഹത്തിന് മുമ്പുള്ള സമീപനമായിരിക്കണമെന്നില്ല അതിനു ശേഷം. പ്രണയത്തിൽ ലൈംഗീക മാന്യത കാണിക്കുന്ന പലരും വിവാഹ ശേഷം മാന്യതയെന്തെന്നു നോക്കാതെ പെരുമാറുന്നത് കാണാറുണ്ട്.

വിവാഹ ജീവിതത്തെ ശരിയായി വിശകലനം ചെയ്യുമ്പോൾ ഒരിക്കലും അത് നടന്ന രീതിയല്ല പിന്നെയോ അതിൽ ഭാഗഭാക്കാകുന്ന വ്യക്തികളുടെ സ്വഭാവവും, കഴിവുകളും, ശാരീരികവും, മാനസികവുമായ ആരോഗ്യവും, കുടുംബ പശ്ചാത്തലവും. അറിവുകളും, പെരുമാറ്റങ്ങളുമെല്ലാമാണ് പ്രാധാന്യമർഹിക്കുന്നത്. ഇനി ഇവയെല്ലാം നോക്കിയാലും ചില സ്വഭാവങ്ങൾ രഹസ്യത്തിൽ സംഭവിക്കുന്നവയായതുകൊണ്ടു വിവാഹ ശേഷമേ അറിയാൻ സാധ്യതയുള്ളൂ. കേട്ടിട്ടില്ലെ കൂടെ കിടക്കുന്നവനേ രാപ്പനി അറിയൂ എന്ന പഴഞ്ചൊല്ല്.

വിവാഹജീവിതത്തിലേക്ക് കടക്കുമ്പോൾ നന്നായി തയ്യാറെടുക്കുക, കടന്നു വരുന്ന പങ്കാളിയെ നന്നായി അറിയാൻ ശ്രമിക്കുക, പറ്റുന്ന തുണയാണോ എന്ന് വിശകലനം ചെയ്യുക എന്നിട്ടു മാത്രം തീരുമാനം എടുക്കുക. പിന്നെ ഓർക്കുക ചക്കയല്ല തുരന്നു നോക്കാൻ എന്ന പഴമൊഴി. എന്തെന്നാൽ എല്ലാ കാര്യങ്ങളും മുഴുവനായി വിവാഹത്തിന് മുമ്പ് മനസ്സിലാക്കാൻ കഴിയണമെന്നില്ല എന്ന് ചുരുക്കം.(തുടരും)

9656571354
Publish your Ad in
morning news daily
Malayalam News Paper